## 12.09.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 19–03–1988

# ഓർമ്മയിൽ രമണീകത കൊണ്ടു വരുന്നതിനുള്ള യുക്തികൾ

ഇന്ന് വിധാതാവ്, വരദാതാവായ ബാപ്ദാദ തന്റെ മാസ്റ്റർ വിധാതാവ്, വരദാതാവായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോ കുട്ടിയും വിദാതാവുമായി വരദാതാവുമായി. അതോടൊപ്പം ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു– കുട്ടികളുടെ പദവി എത്ര മഹാനാണ്, ഈ സംഗമയുഗത്തിലെ ബ്രാഹ്മണ ജീവിതത്തിന് എത്ര മഹത്വമാണ് ഉള്ളത്. വിധാതാവ്, വരദാതാവിനോടൊപ്പം വിധി വിധാതാവും നിങ്ങൾ ബ്രാഹ്മണർ തന്നെയാണ്. നിങ്ങളുടെ ഓരോ വിധിയും സത്യയുഗത്തിൽ എങ്ങനെ പരിവർത്തിതമാകുന്നു എന്നുള്ളത് നേരത്തെ തന്നെ കേൾപ്പിച്ചു. ഈ സമയത്തെ ഓരോ കർമ്മത്തിന്റെ വിധി ഭാവിയിലും നട ക്കുന്നു എന്നാൽ ദ്വാപര യുഗത്തിന് ശേഷവും ഭക്തി മാർഗ്ഗത്തിൽ ഈ സമയത്തെ ശ്രേഷ്ഠ നിയമത്തിന്റെ രൂപത്തിൽ നടക്കുന്നു, പൂജാരി മാർഗ്ഗം അർത്ഥം ഭക്തി മാർഗ്ഗത്തിലും നിങ്ങളുടെ ഓരോ വിധിയുടെ നിയമം അഥവാ രീതിയിൽ പാലിച്ചു വരുന്നു. അതിനാൽ വിധാതാവ്, വരദാതാവ്, വിധി–വിധാതാവുമാണ്.

നിങ്ങളുടെ മുഖ്യമായ സിദ്ധാന്തം സിദ്ധി പ്രാപ്തമാക്കുന്നതിനുള്ള സാധനമായി മാറുന്നു. ഏതു പോലെ മൂല സിദ്ധാന്തം– ബാബ ഒന്നാണ്. ധർമ്മാത്മാക്കൾ, മഹാനാത്മാക്കൾ അനേകമുണ്ട് എന്നാൽ പരമാത്മാവ് ഒന്നാണ്. ഈ മുഖ്യമായ സിദ്ധാന്തത്തിലൂടെ അരക്കല്പം നിങ്ങൾ ശ്രേഷ്ഠ ആത്മാക്കൾക്ക് ഒരേയൊരു ബാബയിലൂടെ പ്രാപ്തമായിട്ടുള്ള സമ്പത്ത് സിദ്ധിയുടെ രൂപത്തിൽ പ്രാപ്തമാകുന്നു. പ്രാപ്തി ലഭിക്കുക അർത്ഥം സിദ്ധി സ്വരൂപരാകുക കാരണം ഒരു ബാബയാണ്, ബാക്കി മഹാനാത്മാക്കൾ അഥവാ ധർമ്മാ ത്മാക്കൾ ആണ്, അവർ അച്ഛനല്ല, സഹോദരനാണ്. സമ്പത്ത് ബാബയിൽ നിന്നാണ് ലഭിക്കുന്നത്, സഹോ ദരനിൽ നിന്നല്ല. അതിനാൽ ഈ മുഖ്യമായ സിദ്ധാന്തത്തിലൂടെ അരക്കല്പം നിങ്ങൾക്ക് സിദ്ധി പ്രാപ്തമാ കുന്നു, ഭക്തിയിലും – ഈശ്വരൻ ഒന്നാണ്– ഇതേ സിദ്ധാന്തം സിദ്ധി പ്രാപ്തമാക്കുന്നതിന്റെ ആധാരമായി മാറുന്നു. ഭക്തിയുടെ ആദിയിലെ ആധാരവും ഒരേയൊരു ശിവബാബയുടെ ശിവലിംഗ രൂപത്തിലൂടെ ആരംഭിക്കുന്നു, അതിനെ തന്നെയാണ് അവ്യഭിചാരി ഭക്തി എന്നു പറയുന്നത്. അതിനാൽ ഭക്തി മാർഗ്ഗ ത്തിലും ബാബ ഒന്നാണ് എന്ന ഒരു സിദ്ധാന്തത്തിലൂടെ തന്നെയാണ് സിദ്ധി പ്രാപ്തമാക്കുന്നത്. അതേ പോലെ നിങ്ങളുടെ മുഖ്യമായ സിദ്ധാന്തങ്ങൾ, ആ ഓരോ സിദ്ധാന്തത്തിലൂടെ സിദ്ധി പ്രാപ്തമായി കൊണ്ടി രിക്കുന്നു. ഈ ജീവിതത്തിന്റെ മുഖ്യമായ സിദ്ധാന്തം പവിത്രതയായതുപോലെ. ഈ പവിത്രതയുടെ സിദ്ധാ ന്തത്തിലൂടെ നിങ്ങൾ ആത്മാക്കൾക്ക് ഭാവിയിൽ സിദ്ധി സ്വരൂപത്തിന്റെ രൂപത്തിൽ പ്രകാശ കിരീടം സദാ പ്രാപ്തമാണ്, അതിന്റെ സ്മരണയുടെ രൂപമായാണ് ഡബിൾ കിരീടം കാണിക്കുന്നത്., ഭക്തിയിലും യഥാർത്ഥ മായി ഹൃദയം കൊണ്ട് ഭക്തി ചെയ്യുമ്പോൾ പവിത്രതയുടെ സിദ്ധാന്തത്തെ മുഖ്യമായ ആധാരമായി മന സ്സിലാക്കും, പവിത്രതയില്ലാതെ ഭക്തിയിൽ സിദ്ധി പ്രാപ്തമാക്കാൻ സാധിക്കില്ല എന്ന് മനസ്സിലാക്കുന്നു. അല്പക്കാലത്തേക്ക് എത്ര സമയം ഭക്തി ചെയ്യുന്നുവൊ അത്രയും സമയം പവിത്രതയെ സ്വന്തമാക്കണം എന്നാൽ പവിത്രത തന്നെയാണ് സിദ്ധിയുടെ സാധന– ഈ സിദ്ധാന്തത്തെ തീർച്ചയായും അംഗീകരിക്കു ന്നു. ഇപ്രകാരം ജ്ഞാനത്തിന്റെ ഓരോ സിദ്ധാന്തം അഥവാ ധാരണയുടെ മുഖ്യമായ സിദ്ധാന്തം ബുദ്ധിയിൽ ചിന്തിക്കൂ–ഓരോ സിദ്ധാന്തം സിദ്ധിയുടെ സാധനമാകുന്നത് എങ്ങനെയാണ് ? മനനം ചെയ്യാനുള്ള കാര്യം ബാബ നല്കുന്നു. ഏതു പോലെ ഉദാഹരണം കേൾപ്പിച്ചു, ഇതേ രീതിയിൽ തന്നെ ചിന്തിക്കണം.

അതിനാൽ ഇന്ന് വിധി–വിധാതാവായി മാറുന്നു, സിദ്ധി–ദാതാവുമായി മാറുന്നു അതിനാൽ ഇന്ന് വരെ ഭക്തർ എന്ത് സിദ്ധിയാണോ ആഗ്രഹിക്കുന്നത്. അത് വ്യത്യസ്ഥമായ ദേവതമാരിലൂടെ വ്യത്യസ്ഥമായ സിദ്ധി പ്രാപ്തമാക്കുന്നതിന്, അതേ ദേവതയെ പൂജിക്കുന്നു. അതു കൊണ്ട് സിദ്ധി ദാതാവായ ബാബയി ലൂടെ നിങ്ങളും സിദ്ധി ദാതാവായി മാറുന്നു– സ്വയം അങ്ങനെയാണെന്ന് മനസ്സിലാക്കുന്നില്ലേ. സ്വയം സർവ്വ സിദ്ധികളും പ്രാപ്തമാക്കിയവർക്ക് മറ്റുള്ളവർക്കും സിദ്ധി പ്രാപ്തമാക്കി കൊടുക്കാൻ നിമിത്തമാ കാൻ സാധിക്കും. സിദ്ധി മോശമായ വസ്തുവല്ല കാരണം നിങ്ങളുടേത് രിദ്ധി സിദ്ധിയല്ല(തന്ത്ര–മന്ത്രമല്ല). രിദ്ധി സിദ്ധി അല്പക്കാലത്തേക്ക് പ്രഭാവം ചെലുത്തുന്നതായിരിക്കും. എന്നാൽ നിങ്ങളുടെ യഥാർത്ഥ മായ വിധിയും സിദ്ധിയും അവിനാശിയാണ്. രിദ്ധി സിദ്ധി കാണിക്കുന്നവർ സ്വയം അൽപജ്ഞ ആത്മാക്ക ളാണ്, അവരുടെ സിദ്ധിയും അല്പകാലത്തേക്കുള്ളത് മാത്രമാണ്. എന്നാൽ നിങ്ങളുടെ സിദ്ധി, സിദ്ധാന്ത ത്തിന്റെ വിധിയിലൂടെ സിദ്ധിയുണ്ട് അതിനാൽ അരകല്പം സ്വയം സിദ്ധി സ്വരൂപരായി മാറുന്നു, അര കല്പം നിങ്ങളുടെ സിദ്ധാന്തത്തിലൂടെ ഭക്താത്മാക്കൾ യഥാ ശക്തിക്കനുസരിച്ച് ഫലത്തിന്റെ പ്രാപ്തി അഥവാ സിദ്ധി പ്രാപ്തമാക്കുന്നു കാരണം ഭക്തിയുടെ ശക്തിയും സമയത്തിനനുസരിച്ച് കുറഞ്ഞ് കുറഞ്ഞ് വരുന്നു. സതോപ്രധാന ഭക്തിയുടെ ശക്തി, ഭക്താത്മാക്കൾക്ക് സിദ്ധിയുടെ അനുഭവം ഇന്നത്തെ ഭക്ത

രേക്കാൾ കൂടുതൽ ചെയ്യിക്കുന്നു. ഈ സമയത്തെ ഭക്തി തമോപ്രധാന ഭക്തിയായത് കാരണം യഥാർത്ഥ മായ സിദ്ധാന്തവുമില്ല, സിദ്ധിയുമില്ല.

അതിനാൽ ഞാൻ ആരാണ് എന്ന ലഹരി അത്രയും ഉണ്ടോ? സദാ ഈ ശ്രേഷ്ഠമായ സ്വമാനത്തിന്റെ സ്ഥിതിയുടെ സീറ്റിൽ സെറ്റായിട്ടാണോ ഇരിക്കുന്നത്? എത്രയോ ഉയർന്ന സീറ്റാണ്. ഈ സ്ഥിതിയുടെ സീറ്റിൽ സെറ്റായിട്ടിരിക്കുമ്പോൾ അടിക്കടി അപ്സെറ്റ് (സ്ഥിരതയില്ലാത്തവർ) ആകില്ല. ഇത് പദവിയല്ലേ. എത്രയോ ഉയർന്ന പദവിയാണ്– വിധി–വിദാതാവ്, സിദ്ധി ദാതാവാണ്. ഈ പദവിയിൽ സ്ഥിതി ചെയ്യുമ്പോൾ മായ എതിർക്കില്ല. സദാ സുരക്ഷിതരായിരിക്കും. തന്റെ ശ്രേഷ്ഠമായ സ്ഥിതിയുടെ സീറ്റിൽ നിന്നും സാധാരണ സ്ഥിതിയിലേക്ക് വരുമ്പോഴാണ് അപ്സെറ്റാകുന്നത്. ഓർമ്മയിലിരിക്കുക അഥവാ സേവനം ചെയ്യുക എന്നത് സാധാരണ ദിനചര്യയായി മാറുന്നു. എന്നാൽ ഓർമ്മയിലിരിക്കുമ്പോൾ തന്റെ ഏതെ ങ്കിലും ശ്രേഷ്ഠമായ സ്വമാനത്തിന്റെ സീറ്റിലിരിക്കൂ. എന്നാൽ ഇങ്ങനെയായിരിക്കരുത്, ഓർമ്മയുടെ സ്ഥല ത്ത്, യോഗം ചെയ്യുന്ന മുറിയിൽ, ബാബയുടെ മുറിയിൽ, കട്ടിലിൽ എഴുന്നേറ്റിരുക്കുന്നു, മുഴുവൻ ദിന ത്തിൽ ശരീരത്തിന് യോഗ്യമായ സ്ഥാനം നല്കാറുള്ളതുപോലെ ബുദ്ധിക്ക് സ്ഥിതിയുടെ സ്ഥാനം നല്കൂ. ആദ്യം ഇത് പരിശോധിക്കൂ– ബുദ്ധിക്ക് ശരിയായ സ്ഥാനം നല്കിയോ? അപ്പോൾ സീറ്റിലൂടെ ഈശ്വരീയ ലഹരി സ്വതവേ ഉണ്ടാകുന്നു. ഇന്നത്തെ കാലത്തും കസേരയുടെ ലഹരി എന്ന് പറയാറില്ലേ. നിങ്ങളുടേത് ശ്രേഷ്ഠമായ സ്ഥിതിയുടെ ആസനമാണ്. ഇടയ്ക്ക് മാസ്റ്റർ ബീജരൂപ സ്ഥിതിയുടെ സിംഹാസനത്തിൽ, സീറ്റിൽ സെറ്റാകൂ, ഇടയ്ക്ക് അവ്യക്ത ഫരിസ്ഥയുടെ സീറ്റിൽ സെറ്റാകൂ, ഇടയ്ക്ക് വിശ്വമംഗളകാരി സ്ഥിതിയുടെ സീറ്റിൽ സെറ്റാകൂ– ഇങ്ങനെ ഓരോ ദിവസം വ്യത്യസ്ഥമായ സ്ഥിതിയുടെ സിംഹാസന ത്തിൽ അഥവാ സീറ്റിൽ സെറ്റായിട്ടിരിക്കൂ.

ആർക്കെങ്കിലും സീറ്റ് സെറ്റാകുന്നില്ലായെങ്കിൽ ചഞ്ചലമാകുന്നില്ലേ– ഇടയ്ക്കിങ്ങനെ ചെയ്യും, ഇടയ്ക്ക ങ്ങനെ ചെയ്യും. സീറ്റിൽ സെറ്റാകാതിരിക്കുമ്പോഴാണ് ബുദ്ധിയും ചഞ്ചലമാകുന്നത്. ഞാൻ ഇന്നതാണ് എന്ന് എല്ലാവർക്കും അറിയാം. ഇപ്പോൾ നിങ്ങളാരാണ് എന്ന് ചോദിച്ചാൽ വലിയ ലിസ്റ്റ് തന്നെ ഉത്തരം തരും. എന്നാൽ എന്താണൊ മനസ്സിലാക്കുന്നത് അതാണ് ഞാൻ എന്ന് സ്വയം അംഗീകരിക്കൂ. കേവലം അറിയുക മാത്രമല്ല, അംഗീകരിക്കുകയും ചെയ്യൂ... കാരണം അറിയുമ്പോൾ സൂക്ഷ്മത്തിൽ സന്തോഷമു ണ്ടാകുന്നു– ഞാൻ ഇന്നതാണ്. എന്നാൽ അംഗീകരിക്കുന്നതിലൂടെ ശക്തി ലഭിക്കുന്നു, അംഗീകരിച്ച് നട ക്കുന്നതിലൂടെ ലഹരിയുണ്ടാകുന്നു. ഏത് പദവിയിലുള്ളവരും സീറ്റിൽ സെറ്റാകുമ്പോൾ സന്തോഷമു ണ്ടാകുന്നു എന്നാൽ ശക്തിയുണ്ടാകുന്നില്ല. അതിനാൽ അറിയുന്നുണ്ട് പക്ഷെ അംഗീകരിച്ച് നടക്കൂ, അടി ക്കടി സ്വയത്തോട് ചോദിക്കൂ, ചെക്ക് ചെയ്യൂ സീറ്റിൽ സെറ്റാണോ അതോ സാധാരണ സ്ഥിതിയിലൂടെ താഴേക്ക് വന്നോ? മറ്റുള്ളവർക്ക് സിദ്ധി നല്കുന്നവർ , അവർ സ്വയം ഓരോ സങ്കല്പത്തിൽ, കർമ്മത്തിൽ തീർച്ചയായും സിദ്ധി സ്വരൂപരായിരിക്കും, ദാതാവായിരിക്കും. പുരുഷാർത്ഥത്തിനനുസരിച്ച് അഥവാ പ്രയ ത്നത്തിനനുസരിച്ച് സിദ്ധി കാണപ്പെടുന്നില്ല അഥവാ ഓർമ്മയുടെ അഭ്യാസത്തിനനുസരിച്ച് സിദ്ധി അനു ഭവിക്കാൻ സാധിക്കുന്നില്ല എന്ന് സിദ്ധി ദാതാവിന് ഒരിക്കലും ചിന്തിക്കാൻ സാധിക്കില്ല. ഇതിലൂടെ തെളി യുന്നത് സീറ്റിൽ സെറ്റാകുന്നതിനുള്ള വിധി യഥാർത്ഥമല്ല എന്നാണ്.

രമണീകമായ ജ്ഞാനമാണ്. രമണീകമായ അനുഭവം സ്വതവേ തന്നെ ആലസ്യത്തെ സമാപ്തമാക്കുന്നു. പലരും പറയാറില്ലേ– ഉറക്കം വരുന്നില്ല എന്നാൽ യോഗത്തിലിരിക്കുമ്പോൾ തീർച്ചയായും ഉറക്കം വരുന്നുവെന്ന്. ഇതെന്ത് കൊണ്ട് സംഭവിക്കുന്നു? ക്ഷീണമായത് കൊണ്ടല്ല എന്നാൽ രമണീകമായ രീതി യിലൂടെ സ്വാഭാവിക രൂപത്തിലൂടെ ബുദ്ധിയെ സീറ്റിൽ സെറ്റാക്കുന്നില്ല. അതിനാൽ കേവലം ഒരു രൂപ ത്തിലൂടെ മാത്രമല്ല എന്നാൽ വ്യത്യസ്ഥമായ രൂപത്തിലൂടെ സെറ്റാക്കൂ. അതേ വസ്തു വ്യത്യസ്ഥമായ രൂപത്തിലൂടെ പരിവർത്തനപ്പെടുത്തി ഉപയോഗിക്കുമ്പോൾ ഹൃദയത്തിൽ സന്തോഷമുണ്ടാകുന്നു. എത്ര തന്നെ വലിയ സാധനമായിക്കോട്ടെ, ഒരേ സാധനം തന്നെ വീണ്ടും വീണ്ടും കഴിക്കുകയാണെങ്കിൽ , കാണുകയാണെങ്കിൽ എന്ത് സംഭവിക്കും? അതേപോലെ ബീജ രൂപമാകൂ എന്നാൽ ഇടയ്ക്ക് ലൈറ്റ് ഹൗസിന്റെ രൂപത്തിൽ, ഇടയ്ക്ക് മൈറ്റ് ഹൗസിന്റെ രൂപത്തിൽ, ഇടയ്ക്ക് വൃക്ഷത്തിന്റെ മുകളിൽ ബീജ ത്തിന്റെ രൂപത്തിൽ, ഇടയ്ക്ക് സൃഷ്ടി ചക്രത്തിൽ മുകളിൽ നിന്ന് സർവ്വർക്കും ശക്തി നല്കൂ. ലഭിച്ചിട്ടുള്ള വ്യത്യസ്ഥമായ ടൈറ്റിലുകളെ അനുഭവിക്കൂ. ഇടയ്ക്ക് ബാബയുടെ കൺമണിയായി ബാബയുടെ നയന ങ്ങളിൽ ലയിക്കൂ– ഈ സ്വരൂപത്തിന്റെ അനുഭവം ചെയ്യൂ. ഇടയ്ക്ക് മസ്തകമണിയായി, ഇടയ്ക്ക് സിംഹാ സനസ്തരായി.... വ്യത്യസ്ഥമായ സ്വരൂപങ്ങളുടെ അനുഭവം ചെയ്യൂ. വ്യത്യസ്ഥത കൊണ്ടു വരൂ എങ്കിൽ രമണീകത വന്നു ചേരും. ബാപ്ദാദ ദിവസവും മുരളിയിൽ വ്യത്യസ്ഥമായ ടൈറ്റിലുകൾ നല്കുന്നു, എന്തിന് നല്കുന്നു? അതേ സീറ്റിൽ സെറ്റാകൂ, ഇടയ്ക്കിടയ്ക്ക് ചെക്ക് ചെയ്യൂ. നേരത്തെയും കേൾപ്പിച്ചി

രുന്നു ഇത് മറന്നു പോകുന്നുവെന്ന്. 6 മണിക്കൂർ, 8 മണിക്കൂർ കഴിയുമ്പോൾ പകുതി ദിവസം പോയല്ലോ എന്ന് ചിന്തിക്കുന്നു, ഉദാസീനരാകുന്നു. നാച്ചുറൽ അഭ്യാസമായിരിക്കണം എങ്കിലേ വിധി– വിദാതാവായി വിശ്വത്തിലെ ആത്മാക്കളുടെ മംഗളം ചെയ്യാൻ സാധിക്കുകയുള്ളൂ. മനസ്സിലായോ. ശരി.

ഇന്ന് മധുബൻ നിവാസികളുടെ ദിനമാണ്. ഡബിൾ വിദേശികൾ തന്റെ സമയത്തിന്റെ ചാൻസ് എടുത്തു കൊണ്ടിരിക്കുന്നു കാരണം മധുബൻ നിവാസികളെ കണ്ട് സന്തോഷിക്കുന്നു. മധുബൻ നിവാസികൾ പറയുന്നു– മഹിമ ചെയ്യേണ്ട, മഹിമ വളരെയധികം കേട്ടിട്ടുണ്ട്. മഹിമ കേട്ടിട്ട് മഹാനായിക്കൊണ്ടിരിക്കുന്നു കാരണം ഈ മഹിമ തന്നെ ഒരു കവചമായി മാറുന്നു. യുദ്ധത്തിൽ സുരക്ഷയ്ക്ക് കവചമുണ്ടായിരിക്കുമല്ലോ. ഈ മഹിമയും ഞാൻ എത്ര മഹാനാണ് എന്ന സ്മൃതി നല്കുന്നു. മധുബൻ, കേവലം മധുബനല്ല എന്നാൽ മധുബൻ വിശ്വത്തിന്റെ സ്റ്റേജാണ്. മധുബനിൽ വസിക്കുക അർത്ഥം വിശ്വത്തിന്റെ സ്റ്റേജിലിരിക്കുക. അതിനാൽ സ്റ്റേജിലിരിക്കുന്നവർ എത്ര ശ്രദ്ധയോടെയിരിക്കുന്നു. സാധാരണ രീതിയിലൂടെ ആര് ഏത് സ്ഥലത്തിരിക്കുമ്പോഴും അത്ര ശ്രദ്ധയുണ്ടായിരിക്കില്ല എന്നാൽ സ്റ്റേജിൽ വരുമ്പോൾ ഓരോ കർമ്മത്തിലും സദാ അത്രയും തന്നെ ശ്രദ്ധയുണ്ടായിരിക്കും. അതിനാൽ മധുബൻ വിശ്വത്തിന്റെ സ്റ്റേജാണ്. നാല് ഭാഗത്തും നിന്നുള്ള ദൃഷ്ടി മധുബന്റെ മേലാണ്. സർവ്വരുടെയും ശ്രദ്ധ സ്റ്റേജിലേക്കല്ലേ പോകുന്നത്. അതിനാൽ മധുബൻ നിവാസി സദാ വിശ്വത്തിന്റെ സ്റ്റേജിൽ സ്ഥിതി ചെയ്യുന്നു.
അതിനോടൊപ്പം മധുബൻ ഒരു വിചിത്ര ഗുഹ പോലെയാണ്, ഗുഹയിൽ ശബ്ദം മുഴക്കുകയാണെങ്കിൽ അതിന്റെ ശബ്ദം തന്റെ പക്കലേക്ക് വരെ മുഴങ്ങി കേൾക്കുന്നു. എന്നാൽ മധുബനാകുന്ന വിചിത്ര ഗുഹയിൽ നിന്നും ശബ്ദം മുഴങ്ങിയാൽ വിശ്വം വരെ വ്യാപിക്കുന്നു. ഇന്നത്തെക്കാലത്ത് പണ്ടുകാലത്തെ ചില ഓർമ്മ ചിഹ്നങ്ങളുണ്ടല്ലോ, ഒരു ചുമരിനെ തൊട്ടാൽ അഥവാ അതിൽ ശബ്ദം മുഴക്കുകയാണെങ്കിൽ പത്തു മതിലുകളിൽ ഈ ശബ്ദം മുഴങ്ങുന്നതുപോലെ അനുഭവപ്പെടുന്നു, ആ മതിലിനെയെല്ലാം പിടിച്ച് ആരോ കുലുക്കുന്നത് പോലെ അഥവാ ശബ്ദം മുഴങ്ങുന്നത് പോലെ കേൾക്കാൻ സാധിക്കും. അതു പോലെ മധുബൻ ഒരു വിചിത്ര ഗുഹ പോലെയാണ്, ഗുഹയിൽ ശബ്ദം മുഴക്കുകയാണെങ്കിൽ, അത് മധുബൻ വരെയല്ല എത്തുന്നത്, മറിച്ച് വിശ്വം മുഴുവനും വ്യാപിക്കുന്നു. എന്നാൽ ഇത് മധുബനിലുള്ളവർക്ക് ആർക്കും തന്നെ അറിയില്ല, എന്നാൽ നാനാവശവും വ്യാപിക്കുന്നു. അപ്പോൾ വിചിത്രമല്ലേ, അതിനാൽ ഇങ്ങനെ മനസ്സിലാക്കരുത്– ഇവിടെയല്ലേ കണ്ടത്, ഇവിടെയല്ലേ സംസാരിച്ചത്...... എന്നാൽ വിശ്വം വരെ ശബ്ദം കാറ്റിൻറെ വേഗതയിൽ എത്തുന്നു കാരണം സർവ്വരുടെയും ദൃഷ്ടിയിൽ, ബുദ്ധിയിൽ സദാ മധുബനും, മധുബനിലെ ബാപ്ദാദായുമാണുള്ളത്. മധുബനിലെ ബാബ ദൃഷ്ടിയിൽ വസിക്കുമ്പോൾ മധുബനും വരുമല്ലോ. മധുബനിലെ ബാബയാണ് അപ്പോൾ മധുബനും വരുമല്ലോ, മധുബനിൽ കേവലം ബാബ മാത്രമല്ല, കുട്ടികളുമുണ്ട്. അതിനാൽ മധുബൻ നിവാസി സ്വതവേ തന്നെ സർവ്വരുടെയും ദൃഷ്ടിയിൽപ്പെടുന്നു. ഏതൊരു ബ്രാഹ്മണനോടും ചോദിക്കൂ, എത്ര തന്നെ ദൂരെയാണ് വസിക്കുന്നതെങ്കിലും എന്താണ് ഓർമ്മ വരുന്നത്? മധുബൻ, മധുബന്റെ ബാബയും. അത്രയും മഹത്വം മധുബൻ നിവാസികൾക്കുണ്ട്. മനസ്സിലായോ? ശരി.

നാല് ഭാഗത്തുമുള്ള സർവ്വ സേവനത്തിന്റെ ഉണർവ്വിലും ഉത്സാഹത്തിലുമിരിക്കുന്ന, സദാ ഒരേയൊരു ബാബയുടെ സ്നേഹത്തിൽ ലയിച്ചിരിക്കുന്ന, സദാ ഓരോ കർമ്മത്തിലും ശ്രേഷ്ഠ വിധിയിലൂടെ സിദ്ധിയെ അനുഭവം ചെയ്യുന്ന, സദാ സ്വയത്തെ വിശ്വത്തിന്റെ മംഗളകാരിയാണ് എന്ന അനുഭവം ചെയ്ത് ഓരോ സങ്കല്പത്തിലൂടെ, വാക്കിലൂടെ, ശ്രേഷ്ഠമായ മംഗളത്തിന്റെ ഭാവന, ശ്രേഷ്ഠമായ കാമനയിലൂടെ സേവനത്തിൽ ബിസിയായിട്ടിരിക്കുന്ന, ബാബയ്ക്ക് സമാനമായ സദാ അക്ഷീണ സേവാധാരി കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**വ്യക്തിപരമായ മിലനം–**
1) സ്വയത്തെ കർമ്മയോഗി ശ്രേഷ്ഠ ആത്മാവാണെന്ന അനുഭവം ചെയ്യുന്നുണ്ടോ? കർമ്മയോഗി ആത്മാവ് സദാ കർമ്മത്തിന്റെ പ്രത്യക്ഷഫലം സ്വതവേ അനുഭവിക്കുന്നു. പ്രത്യക്ഷ ഫലം– സന്തോഷവും ശക്തിയുമാണ്. കർമ്മയോഗി ആത്മാവ് അർത്ഥം പ്രത്യക്ഷ ഫലമായ സന്തോഷവും ശക്തിയും അനുഭവം ചെയ്യുന്നവർ. ബാബ സദാ കുട്ടികൾക്ക് പ്രത്യക്ഷ ഫലം പ്രാപ്തമാക്കി തരുന്നവനാണ്. ഇപ്പോളിപ്പോൾ കർമ്മം ചെയ്തു, കർമ്മം ചെയ്തും സന്തോഷത്തിന്റയും ശക്തിയുടെയും അനുഭവം ചെയ്തു. അങ്ങനെയുള്ള കർമ്മയോഗി ആത്മാവാണ്– ഈ സ്മൃതിയിലൂടെ മുന്നോട്ടുയർന്നു കൊണ്ടിരിക്കൂ.

2) പരിധിയില്ലാത്ത സേവനം ചെയ്യുന്നതിലൂടെ പരിധിയില്ലാത്ത സന്തോഷത്തിന്റെ അനുഭവം സ്വതവേ ഉണ്ടാകുന്നില്ലേ. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത അധികാരിയാക്കുന്നു. പരിധിയില്ലാത്ത സേവന

ത്തിന്റെ ഫലം പരിധിയില്ലാത്ത രാജ്യ ഭാഗ്യം സ്വതവേ പ്രാപ്തമാകുന്നു. പരിധിയില്ലാത്ത സ്ഥിതിയിൽ സ്ഥിതി ചെയ്ത് സേവനം ചെയ്യുമ്പോൾ ഏത് ആത്മാക്കൾക്കാണൊ നിങ്ങൾ നിമിത്തമാകുന്നത് അവരുടെ ആശീർവാദം സ്വതവേ ആത്മാവിൽ ശക്തിയുടെയും സന്തോഷത്തിന്റെയും അനുഭവം ചെയ്യിക്കുന്നു. ഒരു സ്ഥാനത്തിരുന്നും പരിധിയില്ലാത്ത സേവനത്തിന്റെ ഫലം ലഭിച്ചു കൊണ്ടിരിക്കുന്നു എന്ന സ്മൃതിയിലൂടെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കൂ.

## വരദാനം– സെക്കന്റിൽ ദേഹമാകുന്ന വസ്ത്രത്തിൽ നിന്ന് വേറിട്ട് കർമ്മഭോഗിന്റെ മേൽ വിജയം പ്രാപ്തമാക്കുന്ന സർവ്വ ശക്തി സമ്പന്നരായി ഭവിക്കട്ടെ.

കർമ്മഭോഗ് ശക്തമാകുമ്പോൾ കർമ്മേന്ദ്രിയങ്ങൾ കർമ്മഭോഗിന് വശപ്പെട്ട് തന്റെ നേർക്ക് ആകർഷിക്കുന്നു അർത്ഥം വളരെ വേദനയുണ്ടാകുന്ന സമയത്ത് കർമ്മഭോഗിനെ പരിവർത്തനം ചെയ്യുന്ന, സാക്ഷിയായി കർമ്മേന്ദ്രിയങ്ങളിലൂടെ അനുഭവിക്കുന്നവർ തന്നെയാണ് സർവ്വ ശക്തി സമ്പന്നരായ അഷ്ട രത്നം വിജയിയെന്ന് പറയുന്നത്. ഇതിന് വേണ്ടി വളരെ സമയം ദേഹത്തിൽ നിന്നും വേറിടുന്നതിന്റെ അഭ്യാസം ഉണ്ടാകണം. ഈ വസ്ത്രം ലോകത്തിന്റെ അഥവാ മായയുടെ ആകർഷണത്തിൽ ടൈറ്റ് അർത്ഥം ആകർഷിക്കപ്പെടുന്നതാകരുത് എങ്കിൽ സഹജമായി തന്നെ അഴിക്കുവാൻ സാധിക്കും.

## സ്ലോഗൻ– സർവ്വരുടെയും ബഹുമാനം പ്രാപ്തമാക്കുന്നതിന് വിനയമുള്ളവരാകൂ– വിനയം മഹാനതയുടെ ലക്ഷണമാണ്.